# BIRDS OF SJCET, PALAI

35+ SPECIES



BIRDS GUIDE FOR SJCET BY FERNWEH

Fernweh

Signed By:Devassia V P
Date:14.09.2023 17:55

# Introduction

Nature, in the broadest sense, is the natural, physical, or material world or universe. "Nature" can refer to the phenomena of the physical world, and also to life in general. The study of nature is a large, if not the only, part of science. Although humans are part of nature, human activity is often understood as a separate category from other natural phenomena.We can explore the nature in many ways.

Avifaunal diversity of SJCET campus and adjoining areas were carried out during januvary 2019 to may 2019. Grasslands, rooftops of buildings, playground were the major microhabitats of the observation. Birds were observed using Canon EOS 6D Mark II with TAMRON SP 150-600 mm lens. A total of 36 species observed during these periods.



Signed By:Deyassia V P
Date:14.09.2023 17:55

1. Barn Owl (വെള്ളിമൂങ്ങ)
2. Green Bee-eater (നാട്ടുവേലിതത്ത)
3. Black-hooded Oriole (മഞ്ഞക്കറുപ്പൻ)
4. Long-billed Sunbird (കൊക്കൻ തേൻകിളി)
5. Purple-rumped Sunbird (മഞ്ഞ തേൻകിളി)
6. Barn Swallow (വയൽക്കോതിക്കത്രിക)
7. Scaly-breasted Munia (ചുട്ടിയാറ്റ)
8. White-rumped Munia (ആറ്റക്കറുപ്പൻ)
9. Oriental Magpie-Robin (മണ്ണാത്തിപ്പുള്ള്)
10. White-browed Wagtail (വലിയ വാലുകുലുക്കി)
11. White-breasted Waterhen (കുളക്കോഴി)
12. Jungle Owlet (ചെമ്പൻനത്ത്)
13 White-cheeked Barbet (ചിന്നക്കുട്ടുറുവൻ)
14. Brahminy Kite (കൃഷ്ണപ്പരുന്ത്)
15. Lesser Whistling-Duck (ചൂളൻ എരണ്ട)
16. White-throated Kingfisher (മീൻകൊത്തിച്ചാത്തൻ)
17. Rock Pigeon (അമ്പലപ്രാവ്)
18. Little Cormorant (ചെറിയ നീർക്കാക്ക)
18. Spotted Owlet (പുള്ളിനത്ത്)
20. Black-rumped Flameback (നാട്ടുമരംകൊത്തി)
21. Common Tailorbird (തുന്നാരൻ)
22. Greater Coucal (ഉപ്പൻ)
23. Asian Koel (നാട്ടുകുയിൽ)
24. Rose-ringed Parakeet (മോതിരത്തത്ത)
25. Malabar Parakeet (നീലത്തത്ത)
26. Black Drongo (ആനറാഞ്ചി)
27. Greater Racket-tailed Drongo (കാടുമുഴക്കി)
28. Rufous Treepie (ഓലേഞ്ഞാലി)
29. Red-whiskered Bulbul (ഇരട്ടത്തലച്ചി)
30. Yellow-browed Bulbul (മഞ്ഞച്ചിന്നൻ)
31. Common Myna (നാട്ടുമൈന)
32. House Crow (കാവതിക്കാക്ക)
33. Great Egret (പെരുമുണ്ടി)
34. Little Egret (ചിന്നമുണ്ടി)
35. Cattle Egret (കാലിമുണ്ടി)
36. Indian Pond-Heron (കുളക്കൊക്ക്)

Signed By:Devassia V P
Date:14.09.2023 17:55

# Barn Owl
## (വെള്ളിമൂങ്ങ)

*TYTO ALBA*




Looks: Golden-buff upperparts with fine black and white spots. Whitish underparts with fine black spots. Unmarked, heart shaped white face with black eyes. Habitat: Cultivation, human habitation.

സ്വർണനിറവും മങ്ങിയ ചാരനിറവും കലർന്ന ഇവയുടെ മുകൾഭാഗം വെള്ളയും കറുപ്പും ചേർന്ന കുത്തുകൾ നിറഞ്ഞതാണ്. അടിഭാഗം വെള്ളനിറത്തിലുള്ളതും കറുത്ത കുത്തുകളുള്ളതുമാണ്. മുഖം വെള്ളനിറത്തിലും ഹൃദയാകൃതിയിലുമാണ്. കണ്ണുകൾക്കു കറുപ്പുനിറമാണ്. മനുഷ്യവാസമുള്ളിടത്തും





Signed By:Devassia V P
Date:14.09.2023 17:55



ADULT
(RUSSET-CROWNED)

# Green Bee-eater

## (നാട്ടുവേലിതത്ത)

### *MEROPS ORIENTALIS*

Looks: Bright grass green plumage with long central tail feathers. Orange- brown wash on head, bluish-green throat boarded with black gorget. Rufous wash on flight feathers. Slender down curved bill and crimson iris. Habitat: Open country, cultivation, grass lands.

പച്ചപ്പുല്ലിന്റെ നിറത്തോടുകൂടിയ തൂവൽപ്പൂടയുള്ള ഇവയുടെ മൂർദ്ധാവും പിൻകഴുത്തും ഓറഞ്ച് കലർന്ന കാപ്പിനിറമാണ്. വാലിന്റെ മധ്യത്തിലെ മേൽമൂടിയിൽ നീണ്ടുനിൽക്കുന്ന രണ്ട് കമ്പിത്തൂവലുകളുണ്ട്. നീലകലർന്ന പച്ചനിറത്തിലുള്ള തൊണ്ടയിൽ കറുത്ത മാലപോലെ ഒരു പട്ടകാണാം. പറക്കാനുപയോഗിക്കുന്ന ചിറകുകളിൽ ചെമ്പൻ നിറമുണ്ട്. ഇവയുടെ കൊക്ക് മെലിഞ്ഞതും താഴേക്കു വളഞ്ഞതുമാണ്. കൺപോളയുടെ നിറം കടുംചുവപ്പാണ്. തുറസ്സായ ഭൂപ്രദേശങ്ങളിലും കൃഷിയിടങ്ങളിലും പുൽമേടുകളിലും കാണപ്പെടുന്നു.

Fernweh




ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •
Signed By:Devassia V P
Date:14.09.2023 17:55

# Black-hooded Oriole (മഞ്ഞക്കറുപ്പൻ)

ORIOLUS XANTHORNUS

സ്വർണമഞ്ഞനിറമുള്ള ഉടലും തിളങ്ങുന്ന കറുപ്പുനിറത്തോടുകൂടിയ തലയും ഇവയെ എളുപ്പം തിരിച്ചറിയാൻ സഹായിക്കും. വാലിലും ചിറകിലും കറുപ്പുനിറമുണ്ട്. ഇവയുടെ കൊക്കിനു ചുവപ്പുനിറമാണ്. കുഞ്ഞുങ്ങൾക്ക് പൊതുവെ മങ്ങിയ മഞ്ഞനിറമാണ്. തൊണ്ടയിൽ നിറയെ കറുത്ത വരകളും കാണാം. മുൻനെറ്റി മഞ്ഞനിറത്തോടുകൂടിയതുമാണ്മരങ്ങൾ തിങ്ങിനിറഞ്ഞ പ്രദേശങ്ങളിലും തോട്ടങ്ങളിലും കണ്ടുവരുന്നു.

Looks: Golden yellow in plumage with glossy black head, throat and upper breast. Shows black in wings and tail. Pinkish-red bill and crimson eyes. Immature birds are duller with yellowish forehead and have streaked throat. Lives: Garden, well wooded areas, groves, plantations.






Signed By:Devassia V P
Date:14.09.2023 17:55

# Long-billed Sunbird (കൊക്കൻ തേൻകിളി)

*CINNYRIS LOTENIUS*

കറുപ്പൻ തേൻകിളിയെക്കാൾ വലതും താഴേക്ക് കൂടുതൽ വളഞ്ഞതുമായ കൊക്കാണ് ഇവയ്ക്ക്. ഇവയുടെ മുകൾഭാഗത്തിന് ഇരുണ്ടു തിളങ്ങുന്ന നീലനിറമാണ്. മാറിടത്തിലും തൊണ്ടയിലും തിളങ്ങുന്ന പച്ചയും പർപ്പിൾ നിറവും കലർന്നുകാണാം. മാറിൽ മറൂൺനിറത്തോടുകൂടിയ ഒരു പട്ടയുണ്ട്. ചിറകുകൾക്കും വയറിനും ഗുദത്തിനും ബ്രൗൺനിറമാണ്. പെൺപക്ഷികൾക്ക് ഒലീവ് നിറമുള്ള മുകൾഭാഗവും വിളറിയ മഞ്ഞനിറമുള്ള അടിഭാഗവുമാണ്. പൂർണവളർച്ചയെത്താത്ത ആൺപക്ഷികൾ പൊതുവെ പെൺപക്ഷികൾക്കു സമാനമാണ്. പക്ഷേ, കറുപ്പോടുകൂടിയ ഒരു വര ഇവയുടെ തൊണ്ടയ്ക്കും മാറിടത്തിനും നടുവിലായി കാണാം. പൂന്തോട്ടങ്ങളിലും തോട്ടങ്ങളിലും കാടിന്റെ അരികുകളിലും കണ്ടുവരുന്നു.

Looks: It has longer and down curved bill than Purple sunbird. Male: Black with metallic bluish-green gloss above. Metallic green and purple throat and breast, a maroon breast band and sooty brown wings, belly and vent. Female: Olive upperparts and pale yellowish underparts. Immature males similar to females but it shows broad dark stripe down centre of throat and breast. Lives: Gardens, plantations, forest edges.






Signed By:Devassia V P
Date:14.09.2023 17:55

# Purple-rumped Sunbird (മഞ്ഞ തേൻകിളി)

## *LEPTOCOMA ZEYLONICA*

ആൺപക്ഷികളുടെ മൂർദ്ധാവിന്നും തോളുകളിലെ പാടിന്നും തിളങ്ങുന്ന പച്ചനിറമാണ്. പിൻകഴുത്തിന്നും മേൽമുതുകിന്നും മാറിടത്തിലെ പട്ടയ്ക്കും തവിട്ടുകലർന്ന (മെറൂൺ) ചുവപ്പുനിറമാണ്. തൊണ്ടയ്ക്കും അരപ്പട്ടയ്ക്കും തിളങ്ങുന്ന കരിഞ്ചുവപ്പ് (പർപ്പിൾ) നിറമാണ്. അടിഭാഗത്തിന് മഞ്ഞനിറം. ദേഹത്തിന്റെ പാർശ്വഭാഗങ്ങളിൽ ചാരകലർന്ന വെള്ളനിറവുമുണ്ട്. പെൺപക്ഷികളുടെ മുകൾഭാഗത്തിന് ഒലീവ്കാപ്പി നിറമാണ്. ചിറകുകൾക്ക് ചെമ്പൻകാപ്പി നിറവും തൊണ്ടയ്ക്കും താടിക്കും ചാരകലർന്ന വെള്ളനിറവുമാണ്. അടിഭാഗത്തിന് മഞ്ഞനിറമുള്ള ഇവയുടെ ദേഹത്തിന്റെ പാർശ്വഭാഗങ്ങളിൽ വെള്ളനിറമുണ്ട്. പൂന്തോട്ടങ്ങളിലും കൃഷിയിടങ്ങളിലും തുറസ്സായ കാടുകളിലും കാണപ്പെടുന്നു


Looks: Male: Metallic green crown and shoulder patch. Maroon nape, mantle and breast band. Metallic-purple throat andrump. Yellow underparts with geryish-white flanks. No eclipse plumage. Female: Olive brown above with rufous brown wings. Greyish white chin and throat, yellow underparts with whitish flanks. Habitat: Garden, open forests, plantations.





ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY PALAI

Signed By:Devassia V P
Date:14.09.2023 17:55



# Barn Swallow

## (വയൽക്കോതിക്കത്രിക)

### *HIRUNDO RUSTICAICA*

Looks: Glossy blue crown, nape and upperparts. Whitish underparts, chestnut forehead and throat with a black band onbreast. Deeply forked tail with long tail streamers. Immature birds are duller with less well defined breast band. Habitat: Wetlands, paddyfields, open country.

മുകൾഭാഗത്തും പിൻകഴുത്തിലും മൂർദ്ധാവിലും തിളങ്ങുന്ന നീലനിറമുള്ള ഇവയുടെ അടിഭാഗം വെള്ളയാണ്. തൊണ്ടയ്ക്കും നെറ്റിത്തടത്തിനും തവിട്ടുകലർന്ന ചുവപ്പുനിറമുള്ള ഇവയുടെ മാറിടത്തിൽ കറുത്ത ഒരു പട്ടയുണ്ട്. വാൽ രണ്ടായിപ്പിരിഞ്ഞ് നീണ്ട കമ്പിത്തൂവലുകളോടുകൂടിയതാണ്. കുഞ്ഞുങ്ങൾക്ക് മങ്ങിയ നിറമാണ്. മാറിടത്തിലെ പട്ട അവ്യക്തമായി കാണാം. വയലുകളിലും തുറസ്സായ സ്ഥലങ്ങളിലും തടാകങ്ങളിലും കാണപ്പെടുന്നു.

ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •



Signed By:Devassia V P
Date:14.09.2023 17:55


# Scaly-breasted Munia

## (ചുട്ടിയാറ്റ)

*LONCHURA PUNCTULATA*

Looks: Chocolate-brown upperparts with rich brown face, throat and upper-breast. Olive-yellow tail. Whitish underparts with bold black scales. Juveniles show brownish upperparts and rufous-buff underparts. Habitat: gardens, cultivation, open forests.

ചോക്ക്‌ളേറ്റ് ബ്രൗൺ നിറമുള്ള മുകൾഭാഗത്തോടുകൂടിയ ഇവയുടെ മുഖത്തിനും തൊണ്ടയ്ക്കും മാറിടത്തിനു മുകൾഭാഗത്തിനും തെളിമയാർന്ന ബ്രൗൺ നിറമാണ്. ഒലീവ്മഞ്ഞ നിറമാണ് വാലിന്. അടിഭാഗത്ത് വെള്ളനിറത്തിൽ ഇരുണ്ടുകറുത്ത വരകളും പാടുകളുമുണ്ട്. കുഞ്ഞുങ്ങൾക്ക് ബ്രൗൺനിറമുള്ള മുകൾഭാഗവും മങ്ങിയ ചെമ്പൻ നിറത്തോടുകൂടിയ അടിഭാഗവുമുണ്ട്. പൂന്തോട്ടങ്ങളിലും കൃഷിയിടങ്ങളിലും തുറസ്സായ കാടുകളിലും കാണപ്പെടുന്നു.





ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •

Fernweh

Signed By:Devassia V P
Date:14.09.2023 17:55

# White-rumped Munia
## (ആറ്റക്കറുപ്പൻ)
*LONCHURA STRIATA*



കറുപ്പുകലർന്ന ബ്രൗൺനിറത്തിൽ വരകൾ നിറഞ്ഞതാണ് ഇവയുടെ മുകൾഭാഗം. മുഖത്തിനും തൊണ്ടയ്ക്കും മാറിടത്തിനു മുകളിലും കറുപ്പുനിറമാണ്. അടിഭാഗത്തും അരപ്പട്ടയിലും വെള്ളനിറമുണ്ട്. വാൽ ഇരുണ്ട നിറത്തോടുകൂടിയതും കൊക്ക് നീലനിറം കലർന്നതുമാണ്. തുറസ്സായ കാടുകളിലും പൂന്തോട്ടങ്ങളിലും കൃഷിയിടങ്ങളിലും കണ്ടുവരുന്നു.

Looks: Blackish-brown upperparts with fine white streakings. Blackish face, throat and upper-breast. Whitish underparts and white rump. Wedge shaped dark tail and conical bluish bill.
Lives: gardens, cultivation, open forest.



Fernweh

ST JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •

Signed By:Devassia V P
Date:14.09.2023 17:55


# Oriental Magpie-Robin

## (മണ്ണാത്തിപ്പുള്ള്)

**COPSYCHUS SAULARIS**

Looks : Male: Glossy bluish-black head, upperparts, throat and breast. White underparts, wing bar and sides of black tail. Female is slaty grey instead of black on head, breast and upperparts. Juveniles have slaty-grey upperparts with buff spottings and rufous-wahite underparts with scaly appearance on throat and breast. Habitat: Human habitations, garden, light forests .

ആൺപക്ഷികളുടെ മുകൾഭാഗവും തൊണ്ടയും മാറിടവും നീലയും കറുപ്പും കലർന്ന് തിളക്കമാർന്നതാണ്. അടിഭാഗത്തും പക്ഷരേഖകളിലും കറുത്തവാലിന്റെ വശങ്ങളിലും വെള്ളനിറമുണ്ട്. പെൺപക്ഷികൾക്ക് സ്ലേറ്റ് ചാരനിറമാണ്. കുഞ്ഞുങ്ങളുടെ മുകൾഭാഗം സ്ലേറ്റ് ചാരനിറത്തോടുകൂടിയതും മങ്ങിയ മഞ്ഞനിറമുള്ള പുള്ളികൾ നിറഞ്ഞതുമാണ്. അടിഭാഗം ചെമ്പൻ നിറം കലർന്ന വെള്ളയാണ്. തൊണ്ടയും മാറിടവും, പുള്ളികളും വരകളും നിറഞ്ഞതാണ്. പൂന്തോട്ടങ്ങളിലും മനുഷ്യവാസമുള്ളയിടങ്ങളിലും കാണപ്പെടുന്നു.





Fernweh



ENGINEERING & TECHNOLOGY
S.JOSEPH'S
Signed By:Devassia V P
Date:14.09.2023 17:55

# White-browed Wagtail (വലിയ വാലുകുലുക്കി)

*MOTACILLA MADERASPATENSIS*

കറുപ്പും വെളുപ്പും നിറത്തോടുകൂടിയ വാലുകുലുക്കികളാണിവ. തലയ്ക്കും മുകൾഭാഗത്തിനും തൊണ്ടയ്ക്കും മാറിടത്തിനും കറുപ്പുനിറമാണ്. വീതികൂടിയ കൺപുരികത്തിനും പക്ഷരേഖകൾക്കും വെളുപ്പാണ്. അടിഭാഗത്തും കറുത്തവാലിന്റെ വശങ്ങളിലും വെള്ളനിറം കാണാം. വെള്ളക്കെട്ടുകളിലും ചതുപ്പുപ്രദേശങ്ങളിലും കാണപ്പെടുന്നു.

Looks: Black and white wagtail with black head, upperparts, throat and breast with broad white supercilium and wing bar. White underparts and black tail with white outer-tail feathers. Habitat: Near waterbodies, wetlands.





ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •

Signed By:Devassia V P
Date:14.09.2023 17:55

# White-breasted Waterhen

## (കുളക്കോഴി)

*AMAURORNIS PHOENICURUS*

Looks: Dark slaty grey above, white below. Under tail coverts are rusty red. Bill and legs are greenish or yellowish with reddish base to upper mandible. Sexes alike. Habitat: Reed covered marshes, ponds, tanks, paddyfields.

ഇരുണ്ട ചാരനിറത്തിൽ മുകൾഭാഗമുള്ള ഇവയുടെ അടിഭാഗം വെളുത്തതാണ്. കീഴ്വാൽമൂടിക്ക് ഇളം ചുവപ്പോടുകൂടിയ തവിട്ടുനിറമാണ്. കൊക്കും കാലും മഞ്ഞനിറത്തിലോ പച്ചനിറത്തിലോ കാണപ്പെടുന്നു. കൊക്കിന്റെ കടഭാഗം ചുവപ്പുനിറം കലർന്നതാണ്. ആൺപെൺ വ്യത്യാസമില്ല. ചതുപ്പുനിലങ്ങൾ, നദികൾ, കുളങ്ങൾ, വയലുകൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.





ST JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •

Signed By:Devassia V P
Date:14.09.2023 17:55

# Jungle Owlet

## (ചെമ്പൻനത്ത്)

GLAUCIDIUM RADIATUM

This small owlet has a rounded head and is finely barred all over. There is no clear facial disk and the wings are brownish and the tail is narrowly barred in white. There are two subspecies, the nominate form is found in the plains of India and Sri Lanka while malabaricum of the Western Ghats is shorter tailed and shows
more brown on the head. Looks: Small size. Rufous above with white and brown barrings. Underparts also barred with rufous and white upto belly. White moustachial stripe and yellowish-orange eyes. Habitat: well wooded areas, open country, groves

ചെമ്പൻനത്ത്ചെമ്പൻ തവിട്ടുനിറത്തിലുള്ള ഇവയുടെ മുകൾഭാഗം വെള്ളനിറത്തിലും ഇരുണ്ട കാപ്പിനിറത്തിലുമുള്ള വരകൾ നിറഞ്ഞതാണ്. അടിഭാഗം ചെമ്പൻ നിറത്തിലും വെള്ളനിറത്തിലുമുള്ള വരകളോടുകൂടിയതാണ്.

...മീശവര വെള്ളനിറത്തിൽ. കണ്ണുകൾക്ക് മഞ്ഞയും ഓറഞ്ചും ചേർന്ന നിറമാണ്. തുറസ്സായ സ്ഥലങ്ങളിലും മരങ്ങൾ തിങ്ങിനിറഞ്ഞ പ്രദേശങ്ങളിലും കാണപ്പെടുന്നു.





Fernweh

ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •

Signed By:Devassia V P
Date:14.09.2023 17:55

# White-cheeked Barbet (ചിന്നക്കുട്ടുറുവൻ)

*PSILOPOGON VIRIDIS*

Looks: Green in plumage with white streakings on dark brown crown andnape. Whitish chin and throat. Whitish breast with heavy brown streakings. White cheek and supercilium with black eye stripe is prominent. Pale brown beak. Habitat: Fruited trees. Forest,wooded areas, groves, villages.




പച്ചനിറത്തിൽ തൂവൽപ്പൂടയുള്ള ഇവയുടെ പിൻകഴുത്തും മൂർദ്ധാവും ഇരുണ്ട തവിട്ടുനിറത്തിൽ വെള്ളവരകളോടുകൂടിയതാണ്. താടിയും തൊണ്ടയും വെള്ളനിറം കലർന്നതാണ്. മാറിടം വെള്ളകലർന്നതും ഇരുണ്ട തവിട്ടുനിറത്തോടുകൂടിയ വരകൾ നിറഞ്ഞതുമാണ്. കവിൾത്തടം വെള്ളനിറത്തിലുള്ളത്. കണ്ണിനുകുറുകെ കറുത്ത ഒരു വര കാണാം. കൊക്കിന് വിളറിയ കാപ്പിനിറമാണ്. പഴങ്ങളുള്ള മരങ്ങളിലും കാടുകളിലും നാട്ടിൻപ്രദേശങ്ങളിലും കാണപ്പെടുന്നു.



Signed By:Devassia V P
Date:14.09.2023 17:55

# Brahminy Kite
## (കൃഷ്ണപ്പരുന്ത്)

*HALIASTUR INDUS*

Looks: Chestnut above with white head, neck and breast. Brownish abdomen and dark tips to flight feathers. Rounded tail. Immature birds are chocolate brown with pale patch at base of primaries on underwing.
Habitat: Coastal areas, rivers, lakes

മുകൾഭാഗം ചെങ്കൽനിറമുള്ള ഇവയുടെ തലയും കഴുത്തും മാറിടവും വെളുത്തതാണ്. പറക്കുമ്പോൾ ഇവയുടെ അടിവയറും ചിറകിന്റെ അറ്റവും ഇരുണ്ട കാപ്പിനിറത്തിലാണെന്നു കാണാം.

വാലിന്റെ അറ്റം വൃത്താകൃതിയിലാണ്. കുഞ്ഞുങ്ങൾക്ക് ഇരുണ്ട നിറവും ചിറകിന്റെ കീഴ്ഭാഗത്ത് പ്രഥമകളുടെ താഴെ വിളറിയ പാടും കാണാം. പുഴകൾ, തടാകങ്ങൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു






Fernweh

ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •
ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •
Signed By:Devassia V P
Date:14.09.2023 17:55

# Lesser Whistling-Duck (ചൂളൻ എരണ്ട)

*DENDROCYGNA JAVANICA*

Looks: Sexes alike. Rufous-brown plumage. Dark upper and underwing. Uniform chestnut uppertail coverts. Habitat: Vegetation, flooded grasslands, freashwater marshes.




ചെമ്പിച്ച തവിട്ടുനിറത്തോടുകൂടിയ തൂവൽപ്പൂടയുള്ള ഇവയുടെ ചിറകിന്റെ മുകൾഭാഗവും അടിഭാഗവും ഇരുണ്ടതാണ്. മുകൾവാൽമൂടിക്ക് തവിട്ടുകലർന്ന ചുവപ്പുനിറമാണ്. പറക്കുമ്പോൾ ഇടയ്ക്കിടെ ഉണ്ടാക്കുന്ന 'വിവിക്ക് വിവിക്ക്' ശബ്ദം ഇതിനെ തിരിച്ചറിയാൻ എളുപ്പം സഹായിക്കും. ശുദ്ധജലതടാകങ്ങൾ, തണ്ണീർത്തടങ്ങൾ, ചതുപ്പുനിലങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.

Fernweh



Signed By:Devassia V P
Date:14.09.2023 17:55



# White-throated Kingfisher

## (മീൻകൊത്തിച്ചാത്തൻ)

### *HALCYON SMYRNENSIS*

A widespread medium-sized kingfisher with brilliant turquoise wings, back, and tail that contrast with its dark chocolate head and sides. From the front the namesake white throat stands out. In flight, it shows a prominent white patch at base of black flight feathers. Looks: Chocolate brown head, neck and underparts with white throat and breast. Turquoise-blue above, large red bill. Black flight feathers with white wing patch visible during flight. Habitat: open country, paddyfields, garden, riverbanks

ചെമ്പിച്ച തവിട്ടുനിറത്തോടുകൂടിയ തൂവൽപ്പൂടയുള്ള ഇവയുടെ ചിറകിന്റെ മുകൾഭാഗവും അടിഭാഗവും ഇരുണ്ടതാണ്. മുകൾവാൽമൂടിക്ക് തവിട്ടുകലർന്ന ചുവപ്പുനിറമാണ്.

പറക്കുമ്പോൾ ഇടയ്ക്കിടെ ഉണ്ടാക്കുന്ന വിവിക്ക് വിവിക്ക് ശബ്ദം ഇതിനെ തിരിച്ചറിയാൻ എളുപ്പം സഹായിക്കും. ശുദ്ധജലതടാകങ്ങൾ, തണ്ണീർത്തടങ്ങൾ, ചതുപ്പുനിലങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.

Fernweh



ST JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •
ST JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •
Signed By:Devassia V P
Date:14.09.2023 17:55

# Rock Pigeon

## (അമ്പലപ്രാവ്)

*COLUMBA LIVIA*

Looks: slaty-grey in plumage with two black bands on wings and black tip to tails. Glistering metallic green and purple present on neck and upper breast.
Lives: Villages and towns.

നീലകലർന്ന ചാരനിറത്തോടുകൂടിയ ഇവയുടെ ചിറകിൽ രണ്ടു കറുത്ത പട്ടകൾ കാണാം. വാലിന്റെ അറ്റം കറുപ്പുനിറത്തോടുകൂടിയതാണ്. കഴുത്തിലും മാറിടത്തിന്റെ മുകൾഭാഗത്തും തിളങ്ങുന്ന പച്ചനിറവും പർപ്പിൾ നിറവും കാണാം. ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരുപോലെ കാണുന്നു.






Signed By:Devassia V P
Date:14.09.2023 17:55

# Little Cormorant

## (ചെറിയ നീർക്കാക്ക)

*MICROCARBO NIGER*




Looks: A black water bird with slender bill. Breeding birds are glossy black in plumage with a white patch on sides of head. Bill and pouch are black. Non-breeding birds duller with white chin and upper throat. Sexes alike.
Habitat: Tanks. ponds, rivers, coastal areas

പ്രജനനകാലത്ത് തിളക്കമാർന്ന കറുപ്പുനിറമാണ് ഇവയുടെ തൂവൽപ്പൂടയ്ക്ക്. തലയുടെ വശങ്ങളിൽ വെള്ളനിറത്തിലുള്ള പാടും കാണാം. കറുപ്പുനിറത്തിലുള്ള ഇവയുടെ കൊക്കിന്റെ അറ്റം വളഞ്ഞതാണ്. പ്രജനനേതരസമയത്ത് മങ്ങിയ കറുപ്പുനിറത്തിലുള്ള ഇവയുടെ താടിയും തൊണ്ടയും വെള്ളനിറമാണ്. ആൺപെൺ വ്യത്യാസമില്ല. വെള്ളക്കെട്ടുകളിലും കുളങ്ങളിലും പുഴകളിലും തീരപ്രദേശങ്ങളിലും കാണപ്പെടുന്നു



ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •

Signed By:Devassia V P
Date:14.09.2023 17:55


# Spotted Owlet

## (പുള്ളിനത്ത്)

*ATHENE BRAMA*

A small uncrested owl with a round head and a short tail. It is grayish-brown overall with white spots above while its underparts are white with brown bars. Note the distinctive white eyebrows and neck-band. Often active at dawn and dusk when it utters a loud "chirurr-chirurr-chirurr" laugh in addition to a variety of high-pitched squeals and whistles.

ചാരനിറവും തവിട്ടുനിറവും കലർന്ന മുകൾഭാഗം നിറയെ വെളുത്ത പൊട്ടുകളുണ്ട്. ഇവയുടെ വെള്ളനിറത്തോടു കൂടിയ അടിഭാഗത്ത് തവിട്ടുനിറത്തിലുംഹൃദയാകൃതിയിലുമുള്ള പാടുകൾ വ്യക്തമായി കാണാം. മുഖത്ത് മങ്ങിയതും വെളുത്തതുമായ വളയങ്ങൾ വ്യക്തമായി കാണാം. കണ്ണുകൾക്ക് ഓറഞ്ചുനിറമുള്ള ഇവയുടെ പിൻകഴുത്തിൽ മങ്ങിയ പട്ടയുണ്ട്. വൃക്ഷനിബിഡമായ പ്രദേശങ്ങൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ കണ്ടുവരുന്നു.





Signed By:Devassia V P
Date:14.09.2023 17:55

# Black-rumped Flameback

## (നാട്ടുമരംകൊത്തി)

### *Dinopium benghalense*



Looks: Golden yellow and black upperparts, black lower back and rump. Buff white underparts have black streakings. Black throat with white spots and a black eye stripe. Blackish lesser wing coverts shows buff white spots. Male shows crimson crown and crest, female has crimson on hind crown and crest only. Habitat: neighborhood of villages, light forests

സ്വർണ്ണനിറത്തോടുകൂടിയ മഞ്ഞനിറമാണ് ഇവയുടെ മുകൾഭാഗത്തിന്. അരപ്പട്ടയ്ക്കും അതിനോടുചേർന്ന പുറം ഭാഗത്തിനും കറുപ്പുനിറമായിരിക്കും. വെളുപ്പോ മങ്ങിയ മഞ്ഞനിറമോ കലർന്ന അടിഭാഗത്ത് കറുത്ത വരകളുണ്ട്. കറുപ്പുനിറത്തിലുള്ള തൊണ്ടയിൽ വെള്ളപ്പുള്ളികളും കണ്ണിനുകുറുകെ കറുത്ത വരയും കാണാം. കറുത്ത ചെറിയ പക്ഷമൂടികളിൽ വെളുപ്പോ മങ്ങിയ മഞ്ഞയോ നിറമുള്ള പുള്ളികളുണ്ട്. ആൺപക്ഷികളുടെ മൂർദ്ധാവിനും തലപ്പൂവിനും കടുംചുവപ്പുനിറമാണ്. പെൺപക്ഷികളുടെ തലപ്പൂവും മൂർദ്ധാവിന് പിൻഭാഗവുമാണ് കടും ചുവപ്പുനിറമുള്ളത്. തുറന്ന കാടുകളിലും നാട്ടിൻപുറങ്ങൾക്കു സമീപവും കണ്ടുവരുന്നു.

Fernweh



ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY
Signed By:Devassia V P
Date:14.09.2023 17:55

# Common Tailorbird

## (തുന്നാരൻ)

*ORTHOTOMUS SUTORIUS*

Looks: Olive green above, rufous foreheadand fore-crown. Buff-white underparts with dark spot on throat sides visible while calling. Breeding male shows elongated central tail feathers. Whitish supercilium and buff white ear coverts. Habitat: Gardens, plantations, cultivation and forest edges.

ഒലീവ് പച്ച മുകൾഭാഗമുള്ള ഇവയുടെ നെറ്റിത്തടത്തിനും മൂർദ്ധാവിന്റെ മുൻഭാഗത്തിനും ചെമ്പൻ നിറമാണ്. മങ്ങിയ മഞ്ഞനിറത്തോടുകൂടിയ വെള്ളനിറമാണ് അടിഭാഗത്തിന്. പാടുമ്പോൾ തൊണ്ടയുടെ വശങ്ങളിൽ ഇരുണ്ട പുള്ളികൾ കാണാം. പ്രജനനകാലത്ത് ആൺപക്ഷികളുടെ വാലിന്റെ മധ്യഭാഗത്തെ തൂവലുകളുടെ നീളം കൂടുതലായിരിക്കും. വെള്ളനിറത്തോടുകൂടിയ കൺപുരികമുള്ള ഇവയുടെ ചെവിത്തടത്തിന് മങ്ങിയ മഞ്ഞനിറം കലർന്ന വെള്ളനിറമാണ്. പൂന്തോട്ടങ്ങളിലും കൃഷിയിടങ്ങളിലും വനങ്ങളുടെ അതിർത്തിപ്രദേശങ്ങളിലും കാണപ്പെടുന്നു.





Signed By:Devassia V P
Date:14.09.2023 17:55



# Greater Coucal
## (ഉപ്പൻ)

*CENTROPUS SINENSIS*

Looks: Glossy bluish-black body, with bright chestnut wings. Brownish foreheadand throat. Long black tail, crimson eyes and longer bill. Habitat: Open country, scrub jungle, garden etc.

നീലകലർന്ന കറുപ്പുനിറത്തിൽ തിളക്കമാർന്ന തൂവൽപ്പൂടയുള്ള ഇവയുടെ ചിറകുകൾക്ക് ചെങ്കൽനിറമാണ്. തൊണ്ടയും നെറ്റിയും കാപ്പിനിറം കലർന്നതാണ്. വാൽ നീളംകൂടിയതും കറുത്തതുമാണ്. കടുംചുവപ്പുനിറമാണു കണ്ണുകൾക്ക്. കൊക്ക് നീണ്ടതാണ്. തോട്ടങ്ങളിലും കുറ്റിക്കാടുകളിലും കാണപ്പെടുന്നു.

Fernweh



ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY

Signed By:Devassia V P
Date:14.09.2023 17:55

# Asian Koel


## (നാട്ടുകുയിൽ)

*EUDYNAMYS SCOLOPACEUS*



Looks: Male: Glossy black in plumage with pale green bill and crimson eyes. Female: Dark brown above and whitish below, heavily streaked and barred with white and brown. Bill and eyes are same as male. Habitat: garden, cultivation, open country.

തിളക്കമാർന്ന കറുപ്പുനിറത്തോടുകൂടിയ തൂവൽപ്പൂടയുള്ള ഇവയുടെ കൊക്ക് വിളറിയ പച്ചനിറം കലർന്നതാണ്. കണ്ണുകളുടെ നിറം കടുംചുവപ്പാണ്. പെൺപക്ഷികളുടെ മുകൾഭാഗം ഇരുണ്ട കാപ്പിനിറത്തിൽ വെള്ളയും കാപ്പിനിറവും ചേർന്ന വരകളും പാടുകളും നിറഞ്ഞതാണ്. അടിഭാഗം വെള്ളകലർന്നതാണ്. കൊക്കും കണ്ണും ആണിനും പെണ്ണിനും സമാനമാണ്. തോട്ടങ്ങളിലും കൃഷിയിടങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും കാണപ്പെടുന്നു



ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY, PALAI



Fernweh

Signed By:Devassia V P
Date:14.09.2023 17:55


# Rose-ringed Parakeet

## (മോതിരത്തത്ത)

*PSITTACULA KRAMERI*

Looks: Green in plumage with red beak and an eye-ring. Tail is bluish green in colour. Male has black and pink collar with blackish chin. Female has indistinct pale green collar and lacks black chin stripe. Habitat: viliages, towns, wooded areas, forest

പച്ചനിറത്തിലുള്ള തൂവൽപ്പൂടയുള്ള ഇവയുടെ കൺവളയവും കൊക്കും ചുവപ്പുനിറത്തോടുകൂടിയതാണ് . വാൽ നീലനിറം കലർന്ന പച്ചയാണ്. ആൺപക്ഷികളുടെ കഴുത്തിൽ കറുപ്പും പിങ്കും ചേർന്ന ഒരു പട്ട കാണാം. ഇവയുടെ താടിക്ക് കറുപ്പുനിറമാണ്. പെൺപക്ഷികൾക്ക് കഴുത്തിലെ പട്ട മങ്ങിയ പച്ചനിറത്തിലാണ്; താടിയിൽ കറുത്തപട്ടയില്ല. ഗ്രാമങ്ങളിലും മരങ്ങൾ നിറഞ്ഞ പ്രദേശങ്ങളിലും നഗരങ്ങളിലും കാണപ്പെടുന്നു






Signed By:Devassia V P
Date:14.09.2023 17:55

# Malabar Parakeet
## (നീലത്തത്ത)

*PSITTACULA COLUMBOIDES*

Looks: Green in plumage with red beak and an eye-ring. Tail is bluish green in colour. Male has black and pink collar with blackish chin. Female has indistinct pale green collar and lacks black chin stripe. Habitat: villages, towns, wooded areas, forest.

പച്ചനിറത്തിലുള്ള തൂവൽപ്പൂടയുള്ള ഇവയുടെ കൺവളയവും കൊക്കും ചുവപ്പുനിറത്തോടുകൂടിയതാണ്. വാൽ നീലനിറം കലർന്ന പച്ചയാണ്. ആൺപക്ഷികളുടെ കഴുത്തിൽ കറുപ്പും പിങ്കും ചേർന്ന ഒരു പട്ട കാണാം. ഇവയുടെ താടിക്ക് കറുപ്പുനിറമാണ്. പെൺപക്ഷികൾക്ക് കഴുത്തിലെ പട്ട മങ്ങിയ പച്ചനിറത്തിലാണ്; താടിയിൽ കറുത്തപട്ടയില്ല. ഗ്രാമങ്ങളിലും മരങ്ങൾ നിറഞ്ഞ പ്രദേശങ്ങളിലും നഗരങ്ങളിലും കാണപ്പെടുന്നു



Fernweh

ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •



Signed By:Devassia V P
Date:14.09.2023 17:55



# Black Drongo

## (ആനറാഞ്ചി)

*DICRURUS MACROCERCUS*

Looks: Glossy black in plumage. Long deeply forked tail. Eyes are duller and a white rictal spot is prominent. Habitat: open country, cultivation.

തിളക്കമാർന്ന കറുപ്പുനിറത്തോടുകൂടിയ തൂവൽപ്പൂടയുള്ള ഇവയുടെ വാൽ നീളമുള്ളതും അറ്റം രണ്ടായിപ്പിരിഞ്ഞതുമാണ്. കണ്ണുകൾക്കു മങ്ങിയനിറമാണ്. കൊക്കിന്റെ കടഭാഗത്ത് തിരിച്ചറിയാവുന്നവിധം ഒരു വെള്ളപ്പുള്ളി കാണാം. തുറസ്സായ സ്ഥലങ്ങളിലും കൃഷിയിടങ്ങളിലും കാണപ്പെടുന്നു



ENGINEERING & TECHNOLOGY

Signed By:Devassia V P
Date:14.09.2023 17:55

# Greater Racket tailed Drongo

## (കാടുമുഴക്കി)

*DICRURUS PARADISEUS*



Looks: Glossy black in plumage. Larger size with large beak and prominent crest. Forked tail has wire like outer tail feathers with rackets. Juveniles initially lacks rackets. Habitat: Forest, groves, well wooded areas

തിളക്കമുള്ള കറുപ്പുനിറത്തോടുകൂടിയ ഇവ വലുതാണ്. വാലറ്റം ഇഴകളുള്ള ഓരോ കമ്പിത്തൂവലോടെ രണ്ടായിപ്പിരിഞ്ഞതാണ്. തലയിൽ ഉയർന്നുനിൽക്കുന്ന ശിഖയുള്ള ഇവയുടെ കൊക്കും വലുതാണ്. കാടുകളിലും മരങ്ങൾ തിങ്ങിനിറഞ്ഞ പ്രദേശങ്ങളിലും കാണപ്പെടുന്നു




Signed By:Devassia V P
Date:14.09.2023 17:55

# Rufous Treepie

## (ഓലേഞ്ഞാലി)

*DENDROCITTA VAGABUNDA*



Looks: Rufous- brown above with sooty-grey head and upper breast. Long greyish tail with black tip. Buff-rufous underparts. Black wings shows greyish-white patches. Habitat: Gardens, cultivation, forests

മുകൾഭാഗം ചെങ്കൽനിറം കലർന്ന കാപ്പിനിറമുള്ള ഇവയുടെ തലയ്ക്കും മാറിടത്തിനുമുകളിലും കരിപിടിച്ചപോലെയുള്ള ചാരനിറമാണ്. വലുതും ചാരനിറത്തോടുകൂടിയതുമായ വാലിന്റെ അറ്റം കറുപ്പാണ്. മങ്ങിയ മഞ്ഞനിറം കലർന്ന ചെമ്പൻ നിറമാണ് അടിഭാഗത്തിന്. കറുത്തചിറകിൽ ചാരയും വെള്ളയും കലർന്ന പാടുകളുണ്ട്. തോട്ടങ്ങളിലും കൃഷിയിടങ്ങളിലും കാടുകളിലും കണ്ടുവരുന്നു.




ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •

Signed By:Devassia V P
Date:14.09.2023 17:55

# Red whiskered Bulbul

## (ഇരട്ടത്തലച്ചി)

***PYCNONOTUS JOCOSUS***




Looks: Brown above, black crown and erect crest. A red patch behind eye and a white patch below it. Whitish underparts with a broken breast band and red vent. Habitat: Forest, Scrub jungle, garden, villages.

മുകൾഭാഗം കാപ്പിനിറത്തോടുകൂടിയ ഇവയുടെ മൂർദ്ധാവിനും തലയിലെ കുത്തനെ നിൽക്കുന്ന ശിഖയ്ക്കും കറുപ്പുനിറമാണ്. കണ്ണിനു പിന്നിലായി ഒരു ചുവന്ന പാടും അതിനുതാഴെയായി ഒരു വെളുത്തപാടും കാണാം. അടിഭാഗം വെള്ളനിറത്തിലുള്ള ഇവയുടെ ഗുദഭാഗത്ത് ചുവപ്പാണ്. മാറിലെ മാലപോലെയുള്ള പട്ട നടുക്ക് മുറിഞ്ഞിരിക്കും. കാടുകൾ, കുറ്റിച്ചെടികൾ നിറഞ്ഞ ഇടങ്ങൾ, തോട്ടങ്ങൾ, നാട്ടിൻപുറങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.



ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY · PALAI ·

Signed By:Devassia V P
Date:14.09.2023 17:55



# Yellow browed Bulbul
## (മഞ്ഞച്ചിന്നൻ)

*IOLE INDICA*

പുറംഭാഗത്തിന് ഒലീവ് ഗ്രീൻ നിറം. അടിഭാഗത്തിനും തൊണ്ടയ്ക്കും കൺപുരികത്തിനും തിളങ്ങുന്ന മഞ്ഞനിറമാണ്. കറുപ്പുനിറമാർന്ന കൊക്കും കണ്ണുകളും ഈ പക്ഷിയുടെ എടുത്തുപറയാവുന്ന പ്രത്യേകതകളാണ്. കാടുകളിലും തോട്ടങ്ങളിലും കാണുന്നു.

Looks: Olive-green upperparts, bright yellow throat, underparts and supercilium. Black bill and eyes are striking. Lives: Forests, groves, plantations.

Fernweh



ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI •

Signed By:Devassia V P
Date:14.09.2023 17:55

# Common Myna
## (നാട്ടുമൈന)

*ACRIDOTHERES TRISTIS*

Looks: Dark brown body with blackish head and breast. Yellow bill, legs and bare skin around eyes. A large white patch on wings, white tip to tail. Habitat: Human habitations, cultivation, light forests.

ഇരുണ്ട കാപ്പിനിറത്തോടുകൂടിയ തൂവൽപ്പൂടയുള്ള ഇവയുടെ തലയ്ക്കും മാറിടത്തിനും കറുപ്പുനിറമാണ്. ചിറകുകളിൽ വെള്ളനിറമുള്ള പാടുണ്ട്. കൊക്കിനും കാലിനും കണ്ണിനു ചുറ്റുമുള്ള നഗ്നചർമത്തിനും മഞ്ഞനിറമാണ്. വാലിന്റെ അറ്റം വെളുപ്പാണ്. മനുഷ്യവാസമുള്ളയിടങ്ങളിലും കൃഷിയിടങ്ങളിലും കാണപ്പെടുന്നു.





Signed By:Devassia V P
Date:14.09.2023 17:55


# House Crow

## (കാവതിക്കാക്ക)

**CORVUS SPLENDENS**

Looks: Glossy black upperparts, crown and throat. Hind neck and underparts are greyish. Stouter bill is black. Habitat: Around human habitations.

മുകൾഭാഗവും മൂർദ്ധാവും തൊണ്ടയും തിളങ്ങുന്ന കറുപ്പുനിറമുള്ള ഇവയുടെ പിൻകഴുത്തും അടിഭാഗവും ചാരനിറമുള്ളതാണ്. കൊക്ക് കറുത്തതും തടിച്ചതുമാണ്. മനുഷ്യവാസമുള്ളയിടങ്ങളിൽ കാണപ്പെടുന്നു.





ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY • PALAI • ...

Fernweh

Signed By:Devassia V P
Date:14.09.2023 17:55



# Great Egret

## (പെരുമുണ്ടി)

*ARDEA ALBA*

Looks: White egret with long neck and legs. Black gape line extends behind eye is the best thing to separate it from similar looking Intermediate egret. Breeding birds have black bill, bluish lores and plums on mantle. ( Intermediate egret has plums on breast in breeding plumage). Non breeding birds have yellowish beak and blackish legs and feet. Lives: River banks, lakes, marshes, estuaries

വെള്ളരിക്കൊക്കുകളിൽ ഏറ്റവും വലിയ ഇനമായ പെരുമുണ്ടിയുടെ കണ്ണിനു പിറകോട്ട് വിടവുവരെ വ്യക്തമായി കാണാം. പ്രജനനസമയത്ത് കൊക്കുകൾക്ക് ഇരുണ്ട നിറവും അല്ലാത്തപ്പോൾ മഞ്ഞനിറവുമാണ്. വയലുകളിലും ജലാശയങ്ങളിലും സാധാരണമായി കണ്ടുവരുന്നു.



Fernweh

Signed By:Devassia V P
Date:14.09.2023 17:55

# Little Egret

## (ചിന്നമുണ്ടി)

*EGRETTA GARZETTA*

Looks: Snow white in non breeding plumage with short yellow bill and legs. In breeding plumage orange buff head, neck and mantle.
Habitat: Mainly seen around cattles. Grass lands, paddyfields etc

വെള്ളനിറത്തിലുള്ള തൂവൽപ്പൂടയുള്ള ഇവയുടെ കാലും കൊക്കും കറുത്തതാണ്. കാലിലെ വിരലുകളുടെ നിറം മഞ്ഞയാണ്.

കണ്ണിനും കൊക്കിനുമിടയിലെ ഭാഗം (ലോർ) മഞ്ഞയും നീലയും കലർന്നതാണ്. പ്രജനനകാലത്ത് ഇവയുടെ മേൽമുതുകിലും മാറിലും പുറത്തേക്കുനീണ്ട തൂവലുകളുണ്ട്. കഴുത്തിനുപിറകിൽ പിടലിയിൽനിന്നുള്ള രണ്ടു തൂവലുകളുടെ നീളം കൂടുതലുമായിരിക്കും. വെള്ളക്കെട്ടുകളിലും അഴിമുഖങ്ങളിലും കണ്ടുവരുന്നു



Fernweh



Signed By:Devassia V P
Date:14.09.2023 17:55

# Cattle Egret

## (കാലിമുണ്ടി)

*BUBULCUS IBIS*

Looks: Snow white in non breeding plumage with short yellow bill and legs. In breeding plumage orange buff head, neck and mantle.
Habitat: Mainly seen around cattles. Grass lands, paddyfields etc.



പ്രജനനേതരസമയത്ത് വെള്ള തൂവൽപ്പൂടയുള്ള ഇവയുടെ കാലുകളും കൊക്കും ചെറുതും മഞ്ഞനിറത്തോടുകൂടിയതുമാണ്.
പ്രജനനകാലത്ത് ഇവയുടെ കഴുത്തും തലയും മേൽമുതുകും മങ്ങിയ മഞ്ഞനിറം കലർന്ന ഓറഞ്ച് നിറത്തിലും കാണാം.
വയലുകളിലും പുൽമേടുകളിലും കാണപ്പെടുന്ന ഇവ മിക്കസമയങ്ങളിലും കന്നുകാലികളുടെ സമീപത്താണ് കണ്ടുവരാറ്

Fernweh



Signed By:Devassia V P
Date:14.09.2023 17:55

# Indian Pond Heron

## (കുളക്കൊക്ക്)

*ARDEOLA GRAYII*

Looks: Adult breeding has maroon plums on mantle and scapulars. Long white occipital crest. Yellowish head and neck, dull green legs, yellowish bill with bluish base and black tip. Non breeding birds have streaked head, neck and breast. White wings are visible in both plumages during flight. Habitat: paddyfields, river banks, marshes, tidal creeks

പ്രജനനകാലത്ത് മുതിർന്നവയുടെ മേൽമുതുകും അംസത്തൂവലുകളും ഇരുണ്ട തവിട്ടുനിറത്തോടുകൂടിയതും തലയും കഴുത്തും മഞ്ഞനിറം കലർന്നതുമാണ്. മങ്ങിയ പച്ചനിറമാണ് കാലുകൾക്ക്. മഞ്ഞനിറത്തിലുള്ള കൊക്ക് പ്രജനനകാലത്ത് നീലകലർന്നും അഗ്രം കറുത്തുമിരിക്കും. പിടലിയിൽ വെളുത്ത തൂവലുകളും കാണാം. പ്രജനനേതരസമയത്ത് മാറിടവും കഴുത്തും തലയും വരകൾ നിറഞ്ഞതാണ്.



പറക്കുമ്പോൾ വെള്ളനിറത്തിലുള്ള ചിറകുകൾ വ്യക്തമായി കാണാം. വയലുകൾ, പുഴയോരങ്ങൾ, കുളങ്ങൾ, ചതുപ്പുനിലങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.



ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY · PALAI ·
Signed By:Devassia V P
Date:14.09.2023 17:55




If you are intrested in birding and nature watching please get in touch with below details

Youtube

Facebook

Instagram

Whatsapp

PRINCIPAL
ST. JOSEPH'S COLLEGE OF
ENGG. & TECHNOLOGY, PALAI

9645699195
Libin Abraham

Designed By
Junk Graphics



Digitally signed by Devassia V P
Date:Sat Jul 01 09:40:58 IST 2023

Signed By:Devassia V P
Date:14.09.2023 17:55